# മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

***വിദ്യാലയ ചരിത്രം***

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ - പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ആശ്രമം സ്കൂൾ പദ്ധതിയുമായി ബന്ധപ്പെടുത്തി കേരള സർക്കാർ 1990-91 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ചതാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 4 ആശ്രമം സ്കൂളുകൾ ഉൾപ്പെടെ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂൾ 1998 നവംബർ 9നാണ് പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലെ വിവിധ ആദിവാസി മേഖലകളിലെ പെൺകുട്ടികൾക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്. പ്രാക്തന ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ള കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ സർക്കാർ അനുശാസിക്കുന്ന സംവരണക്രമം കൃത്യമായി പാലിച്ചുകൊണ്ടാണ് കുട്ടികൾക്ക് പ്രവേശനം നൽകുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഒരു ഡിവിഷനിൽ 35 കുട്ടികളാണ് പഠിക്കുന്നത്. ഓരോ ക്ലാസിലെയും ആകെ കുട്ടികളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് 60 ശതമാനവും പട്ടികജാതി വിഭാഗത്തിൽ നിന്ന് 30 ശതമാനവും മറ്റു വിഭാഗങ്ങളിൽ നിന്ന് 10ശതമാനവും കുട്ടികളാണ് ഉൾപ്പെടുന്നത്. ഒരു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസിലേക്ക് കുട്ടികൾക്ക് പ്രവേശനം നൽകുന്നു.

കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യം ഉറപ്പാക്കുന്നതിന് വേണ്ടി ആസൂത്രിതമായ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കി പോരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾ ഈ വിദ്യാലയത്തിലെ കുട്ടികളുടെ അക്കാദമിക് നിലവാരം ഉയർത്തുകയും അവരെ വ്യക്തിത്വ വികസനത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. തുടർച്ചയായി 10, 12 ക്ലാസുകളിലെ പൊതുപരീക്ഷകളിൽ 100% വിജയം ഇവിടത്തെ കുട്ടികൾ കൈവരിച്ചു പോരുന്നു. കൂടാതെ, കലാകായിക രംഗത്തും ശ്രദ്ധേയമായ നേട്ടം കരസ്ഥമാക്കുവാൻ എം ആർ എസ് ചാലക്കുടിയിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

***ആമുഖം***

ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്ന വിധത്തിലുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് 2025 - 26 അധ്യയന വർഷത്തിൽ തയ്യാറാക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കുട്ടികൾക്ക് വ്യത്യസ്തവും നൂതനവും ആയ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, ഓരോ കുട്ടിയും അതാത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, കൈവരിക്കാത്ത പക്ഷം അനുബന്ധ പിന്തുണ നൽകുക, പഠന താൽപര്യവും വ്യക്തിത്വ വികസനവും ത്വരിതപ്പെടുത്തുക, കുട്ടികളുടെ ഗവേഷണ താൽപര്യം വളർത്തുക തുടങ്ങിയ സമഗ്രമായ ഒരു വികസന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്.

***പൊതു ലക്ഷ്യങ്ങൾ***

- ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ ഓരോ കുട്ടിയും കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക; കൈവരിക്കാൻ ആകാത്തപക്ഷം അനുബന്ധ പിന്തുണ നൽകുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം വായിക്കുവാനും എഴുതുവാനും അവസരോചിതമായി പ്രയോഗിക്കുവാനും ഉള്ള ഭാഷാശേഷികൾ വികസിപ്പിക്കുക.
- ശാസ്ത്ര പഠനം ജനകീയവും ജീവിതഗന്ധിയും ആക്കുക.
- ഗണിതത്തിൽ അടിസ്ഥാന ശേഷികൾ കൈവരിക്കുക.
- പഠന താൽപര്യവും വ്യക്തിത്വ വികസനവും ത്വരിതപ്പെടുത്തുക.
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പരിഹാരബോധന ക്ലാസുകൾ സംഘടിപ്പിക്കുക.
- പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ക്ലാസുകൾ, കോച്ചിംഗ് ക്ലാസുകൾ, ഗവേഷണ താൽപര്യം വളർത്തുന്ന പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ജനകീയമാക്കുക.
- പഠനയാത്രകൾ അക്കാദമികമായി നടപ്പിലാക്കുക.
- ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും കൂടുതൽ ക്രിയാത്മകമായും പ്രയോജനാധിഷ്ഠിതമായും നടത്തുക.
- യുപി തലത്തിലും ഹൈസ്കൂൾ തലത്തിലും ഭാഷ, ശാസ്ത്രം, ഗണിതം, കല, കായികം തുടങ്ങിയ വിഷയങ്ങളിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- മികച്ച ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക ആരോഗ്യം ഉറപ്പുവരുത്തുക.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും ഉയർന്നശേഷി കൈവരിക്കുക.
- സംഘ പഠന സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ വസ്തുനിഷ്ഠമായ ആശയ പ്രകടന ശേഷി വികസിപ്പിക്കുക.

- സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആക്കി ആവാസ, പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമാർജന അവബോധം, ശുചിത്വ അവബോധം എന്നിവ വളർത്തിയെടുക്കുക.
- ഐ സി ടി പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്തുവാൻ ഉപയോഗിക്കുക
- ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക.
- അക്കാദമിക് മികവ് - സ്കൂളിന്റെ മികവ് എന്ന ആത്യന്തിക ലക്ഷ്യത്തിൽ എത്തിച്ചേരുക.

## മാതൃഭാഷ

***ഉദ്ദേശ്യ ലക്ഷ്യങ്ങൾ***

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു, എഴുതുന്നുവെന്ന് ഉറപ്പുവരുത്തുക.
- അപ്പർ പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും ആർജിക്കേണ്ട ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളും അവരുടെ പ്രായ ഘട്ടത്തിനനുസരിച്ച് മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുക.
- സാഹിത്യ അഭിരുചി വളർത്തിയെടുക്കുക.
- സർഗാത്മക രചനകൾക്ക് ധാരാളം അവസരങ്ങൾ സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുക.
- വിവിധ തരം വാചാ ലിഖിത പ്രവർത്തനങ്ങൾ അനായാസമായി ഏറ്റെടുത്ത് നടത്തുക.
- സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാഷ ആവിഷ്കാരങ്ങൾ നിർവഹിക്കുക.

***ഹ്രസ്വകാല ലക്ഷ്യങ്ങൾ***

അഞ്ചു മുതൽ പത്തുവരെയുള്ള കുട്ടികളിൽ അതാത് പ്രായത്തിൽ ആർജിക്കേണ്ട ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു. അനായാസമായി വായിക്കുകയും ആശയങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കുകയും ചെയ്യുന്നു. കഥാരചന, കഥ പറച്ചിൽ, കവിതാലാപനം, വർണ്ണന, ആസ്വാദനക്കുറിപ്പ്, പതിപ്പുകൾ തയ്യാറാക്കൽ, നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ, നാടകാവതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

***ദീർഘകാല ലക്ഷ്യങ്ങൾ***

സ്വതന്ത്ര വായന നടത്തുകയും ആശയങ്ങളും അഭിപ്രായങ്ങളും യുക്തിഭദ്രമായി വാചാ-ലിഖിത പ്രവർത്തനങ്ങളിലൂടെ ആവിഷ്കരിക്കുകയും ചെയ്യുക. വിദ്യാലയത്തിലെയും സമൂഹത്തിലെയും എല്ലാവിധ ഭാഷാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്യുക. ഉപജില്ല, ജില്ല, സംസ്ഥാന, ദേശീയതല പ്രവർത്തനങ്ങളിൽ പങ്കെടുത്ത് സ്വാഭിപ്രായങ്ങൾ സമർത്ഥിക്കുന്നതിന്, ജനാധിപത്യരീതിയിൽ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നതിന് പ്രാപ്തരാക്കുക. സർഗാത്മക പ്രവർത്തനങ്ങൾ ആത്മവിശ്വാസത്തോടെ നിർവഹിക്കുക.

## English

***Objectives***

- To speak, read and write English without mistakes
- To develop listening skills and reading skills
- to enhance speaking skills

***Activities***

Games, action songs, conservations, skits, language laboratory.

Descriptions, growing sentences, picture reading, self introduction.

Make word web, picture descriptions, add more lines, develop story, diary, magazines.

***English club activities***

English radio, English corner

***Assembly activities***

Just a minute, news reading, book review

***English notice board***

Vocabulary corner, book tree, newspaper quiz, Happiness board.

***English Fest***

Film show, Declamation, Dubsmash, Recitation, Wall paper.

# ഹിന്ദി

***ലക്ഷ്യങ്ങൾ***

- അപ്പർ പ്രൈമറി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
- ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം സുരീലി ഹിന്ദി.

***പ്രവർത്തനങ്ങൾ***

- അക്ഷരം എഴുത്ത്.
- ചിഹ്നം ഉറപ്പിക്കൽ.
- അക്ഷരക്കാട് അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്.
- ക്ലാസിൽ അക്ഷരമാല പ്രദർശനം.
- ഓൺലൈൻ അക്ഷരമാല കളികൾ.
- വാക്കുകൾ എഴുതിയ കാർഡ്.
- വാക്കുകൾ നിർമ്മിക്കൽ.
- വാക്യങ്ങളുടെ നിർമ്മാണം.
- ഹൈസ്കൂൾ വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വീടുകളിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.
- ഐ സി ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കുവാനുള്ള അവസരം.
- ഹിന്ദി അസംബ്ലി.
- ദിനാചരണങ്ങൾ - പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10.
- ക്ലാസ് ലൈബ്രറി.
- അധിക വായന സാമഗ്രികൾ.
- ചിത്ര സഹായത്തോടെ ചിത്രകഥകൾ തയ്യാറാക്കൽ.
- ചിത്രം - അടിക്കുറിപ്പ്, ചിത്രം - കഥ പറയൽ, ചിത്രം - കഥ എഴുതൽ, കഥ - ശിഷ്ടഭാഗം പൂർത്തിയാക്കൽ.
- വായന മൂല.
- ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ - നിഘണ്ടു തയ്യാറാക്കൽ, നോട്ടീസ് ബോർഡ്.

# ശാസ്ത്രം

നിരീക്ഷണ പരീക്ഷണങ്ങളിലൂടെ മനുഷ്യൻ എത്തിച്ചേരുന്ന മൗലികമായ വിശദീകരണമാണ് ശാസ്ത്രം. കൗതുകം, നിരീക്ഷണപാടവം, ജിജ്ഞാസ എന്നിവ ശാസ്ത്രത്തിൻറെ അടിസ്ഥാന തത്വങ്ങളാണ്. ഇത്തരത്തിൽ നിർവഹിക്കുന്ന അടിസ്ഥാന വിശകലനം പുതിയ അറിവിന്റെ നിർമിതിക്ക് കാരണമാകാം. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ ഉത്തരങ്ങൾ തേടുകയും ചെയ്യുക എന്നത് ശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണമാണ്. ശാസ്ത്രീയ വിജ്ഞാനം നേടുന്നതിനും സാധ്യമാക്കുന്നതിനും കുട്ടിയെ നയിക്കുന്ന തരത്തിൽ ആകണം പഠനപ്രക്രിയ നടക്കേണ്ടത്. ഈ പ്രക്രിയയിലൂടെ കുട്ടികളുടെ ശാസ്ത്രീയമായ ആകാംക്ഷയും സർഗാത്മകതയും പരിപോഷിപ്പിക്കുകയും വേണം. ശാസ്ത്ര പഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.

***ലക്ഷ്യങ്ങൾ***

- അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ശാസ്ത്ര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും.
- ശാസ്ത്ര പഠനം ലബോറട്ടറി ബന്ധിതമാക്കണം.
- ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
- ശാസ്ത്ര പഠനത്തെ സമൂഹ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
- ശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.
- ശാസ്ത്ര പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
- കുട്ടികളെ ശാസ്ത്ര ചിന്തയാൽ നേർധാരയിൽ എത്തിക്കുക.
- ശാസ്ത്ര പഠനത്തിലൂടെ പാരിസ്ഥിതിക അവബോധം വളർത്തുക.

**പ്രവർത്തനങ്ങൾ**

***ഹൃസ്വകാലം***

- പ്രശ്നോത്തരി മത്സരങ്ങൾ, ക്ലാസ് തല പരീക്ഷണങ്ങൾ ദൈനംദിന ക്ലാസ് റൂം പ്രവർത്തനങ്ങൾ എന്നിവയിലൂടെ ശാസ്ത്ര അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ. ഇവയിലൂടെ മികവുകളും പരിമിതികളും കണ്ടെത്തൽ.

- പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.
- ശാസ്ത്ര പുസ്തക വായന, ഐ സി ടി ലബോറട്ടറി എന്നിവ പ്രയോജനപ്പെടുത്തൽ.
- ശാസ്ത്രജ്ഞന്മാരുടെയും അവരുടെ കണ്ടുപിടിത്തങ്ങളുടെയും ശേഖരണം.
- ശാസ്ത്രഅഭിരുചി വളർത്തൽ.
- ഡോക്യുമെൻററി പ്രദർശനം, ജീവിതത്തിൽ വിജയലക്ഷ്യം നേടിയ ശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള വിവരശേഖരണം, കഥാരൂപത്തിലുള്ള അവതരണം, സ്റ്റീഫൻ ഹോക്കിംഗ്സ് എന്നിവരുടെ ഡോക്യുമെൻററി പ്രദർശനം.
- കർഷകശ്രീ അവാർഡ് ലഭിച്ച വ്യക്തികളുടെ അനുഭവം പങ്കുവെക്കൽ.
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനാചരണം.
- ജൈവ കൃഷി
- സ്കൂൾ പരിസരം പച്ചക്കറി കൃഷിക്കായി തയ്യാറാക്കൽ.
- ശാസ്ത്ര തത്വങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക.
- അഞ്ചു മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെ പ്രവർത്തനക്കുറിപ്പ് പ്രത്യേകം തയ്യാറാക്കുക.
- സയൻസ് കിറ്റ് നിർമ്മാണം.
- സയൻസ് മാഗസിൻ തയ്യാറാക്കൽ.
- ഫീൽഡ് ട്രിപ്പ്, സയൻസ് ക്യാമ്പ് സംഘടിപ്പിക്കുക.

***ദീർഘകാലം***

- ജൈവവൈവിധ്യ പാർക്ക് പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ പ്രയോജനപ്പെടുത്തുന്ന രൂപരേഖ തയ്യാറാക്കൽ. വൈവിധ്യമാർന്ന സസ്യങ്ങളും ശലഭങ്ങളും സൂക്ഷ്മജീവികളും ഫലവൃക്ഷങ്ങളും വളർത്തിയെടുക്കൽ, കുളം നിർമ്മിക്കൽ, പരിസ്ഥിതി സൗഹാർദ്ദ വസ്തുക്കളുടെ ശേഖരണം, പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ പഠന സാമഗ്രികൾ നിർമ്മിക്കൽ, ബോട്ടിൽ കൃഷി എന്നിവ വിജയകരമായി പ്രാവർത്തികമാക്കുക.
- പ്രകൃതി നിരീക്ഷണം.
- ലഹരി നിർമാർജനം- സ്പെഷൽ അസംബ്ലി, റാലി, സെമിനാർ, അവബോധ ക്ലാസുകൾ, ഷോർട്ട് ഫിലിം പ്രദർശനം, ലഘുലേഖ വിതരണം, ശാസ്ത്ര നാടകം തുടങ്ങിയവയിലൂടെ ലഹരിക്കെതിരെ ബോധവൽക്കരണം സംഘടിപ്പിക്കൽ. പഞ്ചായത്തിന്റെയും പോലീസിന്റെയും സഹകരണത്തോടെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രദേശത്തുള്ള കടകൾ പരിശോധിച്ചു ലഹരി വസ്തുക്കൾ നിർമാർജനം ചെയ്യൽ.
- പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജ സ്രോതസ്സുകൾ കൂടുതൽ പ്രയോജനപ്പെടുത്തി കൊണ്ടുള്ള പ്രോജക്ട് തയ്യാറാക്കൽ, സർവ്വേ തയ്യാറാക്കൽ, ചോദ്യാവലി തയ്യാറാക്കൽ ഗൃഹ സന്ദർശനം, ചാർട്ട് ഗ്രാഫ് തയ്യാറാക്കൽ, പ്രകൃതിദത്ത ഊർജ്ജ സ്രോതസ്സുകളെ കുറിച്ചും അവ മുഖേന പ്രവർത്തിക്കുന്ന ഉപകരണങ്ങളെ കുറിച്ചുള്ള വീഡിയോ പ്രദർശനം.

- ഭക്ഷണപദാർത്ഥങ്ങളിലെ മായം കണ്ടെത്തൽ, പരീക്ഷണങ്ങളിലൂടെ ഭക്ഷണപദാർത്ഥങ്ങളിലെ മായം കണ്ടെത്തൽ, ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കൽ, പരീക്ഷണങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ, ലാബ് പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കൽ, സയൻസ് ലാബ് വിപുലമാക്കൽ, പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ.
- ഇ - മാലിന്യങ്ങൾ: ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഇ - മാലിന്യങ്ങൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ അവബോധം രൂപീകരിക്കുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, തരംതിരിച്ചുള്ള ഇ - മാലിന്യങ്ങളുടെ ശേഖരണം, പഞ്ചായത്ത് - പിടിഎ പങ്കാളിത്തത്തോടെ പ്രദേശത്തെ ഇ - മാലിന്യങ്ങൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്, ഇ - മാലിന്യങ്ങൾ ഏജൻസിക്ക് എത്തിച്ചുകൊടുക്കൽ, പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ കുറിച്ചുള്ള ചാർട്ട് പ്രദർശനം.
- ടീൻസ് ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കുക, കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ക്ലാസ്സ് സംഘടിപ്പിക്കുക, കൗമാര കാലഘട്ടത്തിലെ പോഷക ഘടകങ്ങളുടെ പ്രാധാന്യം, സമീകൃത ആഹാരത്തിന്റെ പ്രാധാന്യം എന്നിവയെ കുറിച്ച് ക്ലാസ്സ് സംഘടിപ്പിക്കുക.
- ഇക്കോ ക്ലബ് ലഹരി വിരുദ്ധ ക്ലബ് ഹെൽത്ത് ക്ലബ് സയൻസ് ക്ലബ് എനർജി ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ കാര്യക്ഷമമായി ആചരിക്കുക.

## സാമൂഹ്യ ശാസ്ത്രം

***ലക്ഷ്യങ്ങൾ***

- സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക.
- സാമൂഹ്യ മൂല്യങ്ങൾ വളർത്തുക.
- പ്രകൃതി വിഭാഗങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക.
- പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ബോധ്യപ്പെടുത്തുക.
- പൈതൃക സമ്പത്തിനെ കുറിച്ച് ബോധവാന്മാരാക്കുക.
- ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് അവബോധം വളർത്തുക.
- സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരന്മാരായി വളരുക.

**പ്രവർത്തനങ്ങൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി, പ്രദർശനങ്ങൾ, ശേഖരണം, മോഡൽ, പ്രസംഗം, നാടകം, സ്കിറ്റ്, ഡിജിറ്റൽ ആൽബം, പ്രാദേശിക വിഭവ ഭൂപട നിർമ്മാണം എന്നിവ സംഘടിപ്പിക്കുക.

- സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ പ്രവർത്തനം, അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം.
- സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക. സാമൂഹ്യശാസ്ത്രത്തിൽ ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തുക.
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക.
- പ്രാചീന, മധ്യ, ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക.
- പ്രാദേശിക ചരിത്രബോധം വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക.
- ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
- ചിത്രപ്രദർശനം.
- ഡോക്യുമെൻററി പ്രദർശനം.

## ഗണിതശാസ്ത്രം

***ലക്ഷ്യങ്ങൾ***

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ആയിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവ നടപ്പിലാക്കുക.
- ഗണിത പഠനം ലളിതവും രസകരവും ആക്കുക.
- ഗണിതത്തിലെ വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ഐ സി ടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം കാര്യക്ഷമമാക്കുക.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക.
- സംഖ്യ പാറ്റേണുകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യുക.
- ഗുണന പട്ടിക ഹൃദിസ്ഥമാക്കുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നു എന്ന് തിരിച്ചറിയുന്നു.
- പ്രായോഗിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പ്രശ്ന പരിഹാര ശേഷി ഉറപ്പാക്കുന്നു.
- വസ്തുക്കളെ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് വളർത്തുന്നു.

- ഗണിത പഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് വളർത്തുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു. ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.
- കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഗണിത ആശയങ്ങൾ കാര്യക്ഷമമായി കുട്ടികളിലേക്ക് എത്തിക്കുന്നതിന് ഗണിത ലാബ് ഉപയോഗപ്പെടുത്തുന്നു.
- ഗണിത മാസിക തയ്യാറാക്കുക.
- ഗണിതോത്സവം സംഘടിപ്പിക്കുക.

***പ്രവർത്തന പദ്ധതികൾ***

- ഗണിതത്തോട് ഇഴുകി ചേരുന്നതിനായി മുത്തുകൾ, സ്മൈൽ ബോർഡുകൾ, ബഹുവർണ്ണ ടോക്കണുകൾ, ചിത്രകാർഡുകൾ, സങ്കലനവ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
- സ്ഥാന വില പോക്കറ്റ് നിർമ്മാണം.
- ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ.
- വർക്ക് ഷീറ്റ് നിർമ്മാണം.
- സങ്കലന, ഗുണന പട്ടിക പ്രദർശനം.
- സംഖ്യാചാർട്ടുകൾ, ഡയസ്, സംഖ്യാ സ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യ മാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.
- പസിൽ നിർമ്മാണം.
- മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കി, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ.
- വർക്ക് ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുക.
- ഗണിത കേളികൾ, ക്ലാസ് തലത്തിൽ ശില്പശാല, ഗണിതഗാനം, കണക്കിലെ കളികൾ തുടങ്ങിയവയുടെ ശേഖരണം.
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.
- ഗണിത ശാസ്ത്രജ്ഞരുടെ സംഭാവനകൾ.
- ഭാരതീയ ഗണിതശാസ്ത്രജ്ഞരുടെ സംഭാവനകൾ
- ഗണിത ക്ലബ്ബ്
- അന്താരാഷ്ട്രഗണിത ദിനാചരണം
- ഗണിത മാഗസിൻ
- സെമിനാർ, ഉപന്യാസരചന, പ്രശ്നോത്തരി, എന്നിവ സംഘടിപ്പിക്കുക.

# കലാ - കായികം

***ലക്ഷ്യങ്ങൾ***

വൈജ്ഞാനിക മികവിന് ഒപ്പം കലാപരവും കായികവുമായ ശേഷികൾ പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ. ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായി വ്യത്യസ്ത മേഖലകളിൽ പ്രത്യേക പരിശീലനം. ഇതിനായി അതാത് മേഖലകളിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു.

**പ്രവർത്തനങ്ങൾ**

- അത്‌ലറ്റിക്സിൽ വിവിധ ഇനങ്ങളിൽ പരിശീലനം.
- ഫുട്ബോൾ പരിശീലനം.
- ഖോ-ഖോ പരിശീലനം.
- കരാട്ടെ പരിശീലനം.
- യോഗ പരിശീലനം.
- സ്കൂൾ ബാൻഡ്.
- സംഗീതം പരിശീലനം.
- ഉപകരണ സംഗീത പരിശീലനം.
- ഡാൻസ് പരിശീലനം.
- ചിത്രരചന പരിശീലനം.
- അഭിനയം.
- മിമിക്രി.
- ശില്പനിർമ്മാണ ശില്പശാല

*******************************